STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.285/PR/SPMC/PHQ/2025 Date: 20.09.2025

## കുത്തിയതോട് പോലീസ് സ്റ്റേഷന് ഐ.എസ്.ഒ അംഗീകാരം

ആലപ്പുഴ കുത്തിയതോട് പോലീസ് സ്റ്റേഷന്റെ പ്രവർത്തന മികവിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ (ബി.ഐ.എസ്) ഐ.എസ്.ഒ അംഗീകാരം ലഭിച്ചു. ദേശീയ തലത്തിൽ ബി.ഐ.എസ് അംഗീകാരം ലഭിക്കുന്ന രണ്ടാമത്തെ പോലീസ് സ്റ്റേഷനാണ് കുത്തിയതോട്. ഈ അംഗീകാരം ആദ്യം ആർത്തുങ്കൽ പോലീസ് സ്റ്റേഷൻ കരസ്ഥമാക്കിയിരുന്നു.

ക്രമസമാധാനപാലനം, കുറ്റാന്വേഷണം, പ്രവർത്തനങ്ങളിലെ ഗുണമേന്മ, പരാതികൾ തീർപ്പാക്കുന്നതിലെ വേഗത, അടിസ്ഥാന സൗകര്യങ്ങൾ, ശുചിത്വം, ഹരിത പെരുമാറ്റച്ചട്ടം, ഫയലുകൾ സൂക്ഷിക്കുന്നതിലെ കൃത്യത, ഉദ്യോഗസ്ഥരുടെ മികച്ച പെരുമാറ്റം, ദൈനംദിന പ്രവർത്തനങ്ങളിൽ ആധുനിക സംവിധാനം പ്രയോജനപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങളാണ് പുരസ്കാരത്തിന് അർഹമാക്കിയത്.

കുത്തിയതോട് പോലീസ് സ്റ്റേഷനിൽ നടന്ന ചടങ്ങ് അരൂർ എം.എൽ.എ ദലീമ ജോജോ ഉദ്ഘാടനം ചെയ്തു. ബി.ഐ.എസ് ഡയറക്ടർ വെങ്കട നാരായണനിൽ നിന്നും എം.എൽ.എ ദലീമ ജോജോയും കുത്തിയതോട് ഐ.എസ്.എച്ച് ഒ എം. അജയമോഹനും ചേർന്ന് പുരസ്കാരം കൈപ്പറ്റി.

എറണാകുളം റെയ്ഞ്ച് ഡി.ഐ.ജി എസ്. സതീഷ് ബിനോ, ആലപ്പുഴ ജില്ലാ പോലീസ് മേധാവി എം.പി മോഹനചന്ദ്രൻ നായർ, ചേർത്തല എ.എസ്.പി ഹരീഷ് ജെയിൻ, ആലപ്പുഴ അഡി. സൂപ്രണ്ട് ഓഫ് പോലീസ് ജിൽസൺ മാത്യു, മുതിർന്ന പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**********************************